(Pages : 3)

# F – 3888

Reg. No. : ....................................

Name : ........................................

**Third Semester B.A./B.Sc. Degree Examination, January 2019**

**First Degree Programme Under CBCSS**

**MALAYALAM LANGUAGE**

**Language Course – VII-Additional Language – III**

**ML 1311.1 : Drishyakalasahithyam**

**ദൃശ്യകലാസാഹിത്യം**

**(2014 Admission Onwards)**

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) രാമനാട്ടത്തിന് ആ പേരു വരാൻ കാരണമെന്ത് ?

2) കല്യാണസൗഗന്ധികം ഏതു തുള്ളൽ വിഭാഗത്തിലാണ് ഉൾപ്പെടുന്നത് ?

3) വൈശാലി ചലച്ചിത്രത്തിന്റെ സംവിധായകൻ ആര് ?

4) ''സ്മരിയായ്ക നിന്നെയവനോർമ്മ നൽകിലും
പെരികെ പ്രമത്തനിഹ പൂർവ്വവർത്തപോൽ'' ആരുടെ വാക്കുകൾ ?

5) ''രാജദാസികൾ കൊട്ടാരത്തിലെ വിനോദത്തിനല്ലെ ? ഒരുത്തി പോയാൽ ആ സ്ഥാനം ഏറ്റെടുക്കാൻ നൂറുപേർ വരും!'' ആരാണിങ്ങനെ അഭിപ്രായപ്പെടുന്നത് ?

6) മഹാഭാരതം വനപർവ്വത്തിൽ ആര് ആരോടു പറയുന്നതാണ് നളകഥ ?

7) കല്യാണസൗഗന്ധികത്തിലെ കല്യാണശബ്ദത്തിന്റെ അർത്ഥമെന്ത് ?

8) ഋശ്യശൃംഗന്റെ കഥ മഹാഭാരതത്തിലെ ഏതു പർവ്വത്തിൽ ഉള്ളതാണ് ?

9) ''ഭ്രാന്തിനേക്കാൾ വലിയ ഒരു സത്യമുണ്ടോ ? ഭ്രാന്തൻ സത്യമേ പറയൂ'' ഏതു കഥാപാത്രമാണ് ഇങ്ങനെ അഭിപ്രായപ്പെടുന്നത് ? നാടകമേത് ?

10) 'കറുത്ത ദൈവത്തെത്തേടി' എന്ന നാടകം അവതരിപ്പിക്കപ്പെട്ട വർഷം ?

**(10×1=10 Marks)**

**P.T.O.**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ''പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തോടോ ?'' ആര് ആരോടു പറയുന്നു ? സാംഗത്യമെന്ത് ?

12) ''വൃദ്ധനായൊരുബലീമുഖനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞീടിനാൻ '' പറഞ്ഞതെന്തെല്ലാം ?

13) ''നന്ദിച്ചു മുല്ലയിതു ചേർന്നിതു മാവിനോടു –
മെന്നുള്ളിൽ നിങ്ങളെ നിനച്ചിനിയില്ല ശോകം ''ആരാണിങ്ങനെ ആശ്വസിക്കുന്നത് ? കാരണമെന്ത് ?

14) അംഗരാജ്യത്തിലെ വരൾച്ച വൈശാലി തിരക്കഥയിൽ അവതരിപ്പിക്കുന്നതെങ്ങനെ?

15) ഋശ്യശൃംഗനെ വശീകരിച്ചെത്തിക്കാൻ ലോമപാദൻ വാരനാരിക്കു നൽകിയ വാഗ്ദാനങ്ങൾ എന്തെല്ലാം ?

16) കാട് കറുത്ത ദൈവത്തെത്തേടി നാടകത്തിൽ മുഖ്യകഥാപാത്രമാകുന്നതെങ്ങനെ ?

17) ''നൈഷധേന്ദ്രൻ നീയല്ല, കേളിനിമേലഹമത്രേ'' ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?

18) ''അയ്യോ ! പരമാർത്ഥമേതും ഗ്രഹിയാതെ
നീയെന്തുശാഠ്യം തുടങ്ങുന്നു പൂരുഷ'' ആര് ആരോടു പറയുന്നു ? എന്തൊക്കെയായിരുന്നു പരമാർത്ഥം ?

19) ''ഭയം ഒരു കുറവല്ല. മനുഷ്യനിലെ പരിശുദ്ധവും പരിപൂർണ്ണവുമായ വികാരം അതാണ്'' ആര് ആരോടു പറയുന്നു ? ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?

20) ''ഖിന്നൻ ഞാനിതുമട്ടഹോ മമതയാൽ
മാൾകുന്നിതാരണ്യകൻ
ദണ്ഡിപ്പൂ ഗൃഹിയെത്രതാൻ പുതിയതാം
പുത്രീവിയോഗാർത്തിയാൽ'' ആശയഭംഗി വിശദമാക്കുക.

21) ഗുഡ്നൈറ്റ് നാടകത്തിലെ മാന്യൻ ആഗതന്റെ ഭാര്യയുടെ കാമുകനായിരുന്നുവെന്ന് വെളിപ്പെടുന്നതെങ്ങനെ ?

22) സത്യാന്വേഷണം കറുത്ത ദൈവത്തെത്തേടി നാടകത്തിൽ പ്രമേയത്തെ മുന്നോട്ടു നയിക്കുന്നതെങ്ങനെ ?

**(8×2=16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) നളചരിതം രണ്ടാം ദിവസത്തിലെ ഉദ്യാനവർണ്ണന ചുരുക്കി അവതരിപ്പിക്കുക.

24) ശകുന്തള തപോവനം വിട്ടു യാത്രയാകുന്നത് കാളിദാസൻ അവതരിപ്പിക്കുന്നതെങ്ങനെ ?

25) ''മരണത്തിന്റെ മുഖത്തു നോക്കുന്ന മനുഷ്യൻ സത്യമേ പറയൂ''. ഈ സംഭാഷണത്തിന് ഗുഡ്നൈറ്റ് നാടകത്തിലുള്ള പ്രാധാന്യമെന്ത് ?

26) കറുത്ത ദൈവത്തെത്തേടി എന്ന നാടകത്തിന് നാടോടിനാടകങ്ങളുടെ സ്വഭാവം ഉണ്ടോയെന്ന് വിലയിരുത്തുക.

27) ഇതിഹാസകഥയിൽ നിന്ന് തിരക്കഥയിലേക്കുള്ള സാധ്യതയായി എം. ടി. വാസുദേവൻ നായർ കണ്ടെത്തുന്ന യുക്തിയെന്ത് ? തിരക്കഥയെ അതെത്രത്തോളം മുന്നോട്ടു നയിക്കുന്നു ?

28) ''മാരുതി വൃദ്ധന്റെ വാക്കുകൾ കേട്ടുടൻ
മാരുതിഭീമൻ കയർത്തുചൊല്ലീടിനാൻ'' ചൊല്ലിയതെന്തെല്ലാം ?

29) ഭർതൃ ഗൃഹത്തിലേക്കു പോകുന്ന ശകുന്തളയ്ക്ക് കാശ്യപൻ നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം ?

30) ''ദൈവത്തെത്തേടിയുള്ള അന്വേഷണം എന്നതിലുപരി മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള അന്വേഷണമാണ് കറുത്ത ദൈവത്തെത്തേടി നാടകം'' നിങ്ങൾ ഈ അഭിപ്രായത്തോടു യോജിക്കുന്നുവോ ?

31) വൈശാലി തിരക്കഥയിൽ പുരോഹിതനുള്ള പ്രാധാന്യം എന്ത് ? **(6×4=24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) നളചരിതം ആട്ടക്കഥയുടെ സവിശേഷതകൾ രണ്ടാം ദിവസം മുൻനിർത്തി പരിശോധിക്കുക.

33) ഹനുമാനും ഭീമനും തമ്മിൽ നടന്ന സംവാദം ക്രോഡീകരിച്ചു കല്യാണസൗഗന്ധികത്തിൽ പ്രസ്തുത ഭാഗത്തിനുള്ള പ്രാധാന്യം വിശദീകരിക്കുക.

34) എം. ടി. വാസുദേവൻനായരുടെ തിരക്കഥകളുടെ സവിശേഷതകൾ 'വൈശാലി' മുൻനിർത്തി ചർച്ച ചെയ്യുക.

35) ''ഒന്നിലധികം രംഗവ്യാഖ്യാനങ്ങൾക്ക് ഇടനൽകുന്ന നാടകമാണ് കറുത്ത ദൈവത്തെത്തേടി''. നിരൂപിക്കുക. **(2×15=30 Marks)**

---

(Pages : 4) **H – 1788**

Reg. No. : 13018166002.

Name : Alicens Rose David.

**Third Semester B.A./B.Sc. Degree Examination, October 2019**

**First Degree Programme under CBCSS**

**Malayalam Language**

**Language Course VII – Additional Language III**

**ML 1311.1 : DRISHYAKALASAHITHYAM**

ദൃശ്യകലാസാഹിത്യം

**(2018 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്യത്തിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര്?

2. കോട്ടയത്തു തമ്പുരാന്റെ ഏതെങ്കിലും ഒരു ആട്ടക്കഥയുടെ പേരെഴുതുക.

3. ജി. ശങ്കരപ്പിള്ളയുടെ ആദ്യ നാടകം ഏത്?

4. മലയാള നാടക സാഹിത്യചരിത്രം ആരുടെ കൃതിയാണ്?

5. നളചരിതത്തെ മലയാളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിച്ചതാര്?

6. നാടകം സംബന്ധിച്ച് സി.ജെ. തോമസ്സ് രചിച്ച കൃതി ഏത്?

7. അടവിവാസവുമടവുനന്നു നന്നൊരു
കടവുമില്ല തടവുമില്ലവർക്കിഹ - ആർക്ക്?

P.T.O.

8. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളിൽ ആദ്യത്തേത് എന്ന് കരുതുന്നത് ഏത്?

9. ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആര്?

10. നളചരിതം ആട്ടക്കഥയ്ക്ക് എ.ആർ. എഴുതിയ വ്യാഖ്യാനം എന്ത്?

**(10 × 1 = 10 Marks)**

II. **ഒരോ** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. നാരദൻ നളനെ അറിയിച്ച ദമയന്തീ-വൃത്താന്തം എന്തായിരുന്നു?

12. യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം ഇങ്ങനെ പറയാൻ കാരണമെന്ത്?

13. മുദിരതതി കമ്പരീ പരിചയ പദവിയോ

വിജനേ വസതിയോ മേ ഗതിയിനി രണ്ടിലൊന്നേ - സന്ദർഭം എന്ത്?

14. അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം

അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ - സന്ദർഭം എന്ത്?

15. ചിലദളിതധാകാരം ചെവികളിലംഗാരം

കോകില കൂജിതങ്ങൾ കൊടിയ കർണ്ണശൂലങ്ങൾ - സന്ദർഭം എന്ത്?

16. മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ

- ഇങ്ങനെ പറയാൻ കാരണമെന്ത്?

17. നമ്മുടെ ചോർ തിന്നുന്നൊരു ദുഷ്ടന്

നമ്മുടെ വൈരികളിൽ ബഹുമാനം - ആരുടെ വാക്കുകൾ?

18. മാറ്റാരിൽ കനിവേറ്റവുമുള്ളൊരു

കൂറ്റാരേക്കാൾ മാറ്റാർ നല്ലൂ - സന്ദർഭം എന്ത്?

19. മുല്ലയിൻമേൽ ആരെങ്കിലും കാഞ്ഞ വെള്ളമൊഴിക്കുമോ? സന്ദർഭം എന്ത്? - ഇങ്ങനെ പറയുന്നതിന്റെ കാരണം?

20. പെയ്യുന്നിതേ വെള്ളില വള്ളിതോറും - കാരണമെന്ത്?

21. പ്രാന്തനാ മരിക്കാതെ മരണമില്ലാതെ എവിട്യോ കഴിയാ എന്നാലോ ജീവിക്കുന്നുന്നൊട്ടു പറയാനുമാകില്ല - സന്ദർഭം എന്ത്?

22. മങ്ങിക്കത്തുന്ന റാന്തരി വിളക്കിന് സബർമതി ദൂരെയാണ് എന്ന നാടകത്തിലുള്ള പ്രാധാന്യമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. നളചരിത ഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

24. നളൻ ദമയന്തി എന്നിവരുടെ നേരിട്ടു കാണാതെയുള്ള അനുരാഗം അതീവസുന്ദരമായി അവതരിപ്പിക്കുകയാണ് നളചരിതം ആട്ടക്കഥയിൽ - ചർച്ച ചെയ്യുക.

25. ഒരു ഉത്തമ പിതാവിന്റെ ദൗത്യം നിർവ്വഹിക്കുകയാണ് കണ്വമഹർഷി - നാലാമങ്കത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

26. ശകുന്തള ആശ്രമം വിട്ടു പോകുമ്പോൾ ആശ്രമത്തിനുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?

27. നമ്പ്യാരുടെ സാമൂഹിക പരിഹാസം ഘോഷയാത്ര എന്ന ഓട്ടൻതുള്ളലിൽ പ്രതിഫലിക്കുന്നതെങ്ങനെ?

28. ആൾക്കൂട്ടം ബൈസിക്കിൾ തീഫ്സിലെ സുപ്രധാന കഥാപാത്രമാണ് - ചർച്ച ചെയ്യുക.

29. പ്രത്യാശയാണ് ബൈസിക്കിൾ തീഫ്സ് എന്ന ചലച്ചിത്രത്തിന്റെ അടിസ്ഥാനം - പരിശോധിക്കുക.

30. കടം വാങ്ങൽ വ്യക്തിയെ അങ്ങേയറ്റം ദുരന്തങ്ങളിലേക്ക് തള്ളിയിടുന്നു. രാവുണ്ണി എന്ന നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

31. എഴുപതുകളിലെ മലയാള നാടകത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. അനുരാഗബദ്ധരായ നളനെയും ദമയന്തിയെയും അവരുടെ മനോവ്യാപാരങ്ങളിൽ കൂടി അവതരിപ്പിക്കുകയാണ് ഉണ്ണായി വാര്യർ - ഉപന്യസിക്കുക.

33. സാമൂഹികവിമർശനമാണ് നമ്പ്യാർ കൃതികളുടെ ലക്ഷ്യം - ചർച്ച ചെയ്യുക.

34. ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളെപ്പറ്റി ലഘു ഉപന്യാസം തയ്യാറാക്കുക.

35. രണ്ടാം ലോകയുദ്ധം സൃഷ്ടിച്ച കെടുതികളാണ് ബൈസിക്കിൾ തീവ്സ് എന്ന സിനിമ ചർച്ച ചെയ്യുന്നത്. - പരിശോധിക്കുക.

**(2 × 15 = 30 Marks)**